**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4435** **10-08-2021 - ൽ മറുപടിയ്ക്ക്**

**കൃഷിയോഗ്യമായ തരിശ്ശ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം നിയോജകമണ്ഡലത്തിൽ കൃഷിയോഗ്യമായ എത്ര തരിശ്ശ ഭൂമി ഉണ്ടെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ അറിയിക്കാമോ; വിശദമാക്കാമോ; | (എ) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | സംസ്ഥാനത്ത് കൃഷി ചെയ്യാൻ തയ്യാറാകാത്ത തരിശ്ശ ഭൂമിയുടെ ഉടമസ്ഥർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ കഴിയുമോ; വിശദ വിവരങ്ങൾ നൽകാമോ? | (ബി) | സുഭിക്ഷ കേരളം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് പുറപ്പെടുവിച്ച സ.ഉ (കൈ)നം.14/2020 ആ.സാ.വ തീയതി 18-05-2020 ഉത്തരവിൽ തരിശ് ഭൂമിയിൽ കൃഷി ചെയ്യുന്നതിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൃഷിയ്ക്ക് ഉപയോഗിക്കാൻ കഴിയുന്ന തരിശ് നിലങ്ങൾ കൃഷി ചെയ്യുവാൻ ഉടമ സന്നദ്ധമല്ലെങ്കിൽ ഭൂമിയുടെ ഉടമസ്ഥാവകാശത്തിന്റെ സുരക്ഷ ഉടമയെ ബോധ്യപ്പെടുത്തി കൃഷി ചെയ്യുന്ന കർഷകന്/ കർഷക ഗ്രൂപ്പുകൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൈമാറേണ്ടതാണെന്നത് പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. 2008 നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് (2018 ഭേദഗതി) വകുപ്പ് 15, 16 പ്രകാരം തരിശ് നെൽവയൽ കൃഷി ചെയ്യാനുള്ള നിർദ്ദേശങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| ക്രമ നം. | പഞ്ചായത്ത് | തരിശ് ഭൂമിയുടെ വിസ്തൃതി ഹെക്ടർ |
|---|---|---|
| 1. | കല്ലറ | 33.5 |
| 2. | പാങ്ങോട് | 25 |
| 3. | നെല്ലനാട് | 18 |
| 4. | പുല്ലമ്പാറ | 16.562 |
| 5. | നന്ദിയോട് | 5 |
| 6. | വാമനപുരം | 18 |
| 7. | പെരിങ്ങമ്മല | 20 |
| 8. | ആനാട് | 14.5 |
| 9. | പനവൂർ | 4 |
| | ആകെ | 154.562 |